DESPATCHED
On 22.06.21

615/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 321(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 4192/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി 2021 മേയ് 6**

ശ്രീമതി അജിത വിൻസ്റ്റൺ,
ഷേർളി ഭവൻ,
കണ്ണനല്ലൂർ പി.ഒ., കൊല്ലം. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് ആഫീസ്,
മുഖത്തല പി.ഒ., കൊല്ലം – 691 577.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 28/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/02/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/05/2021 – ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി അജിത വിൻസ്റ്റൺ, 22.03.2021

തീയതി സമർപ്പിച്ച അപ്പീൽ ഹർജി 25.03.2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.321(1)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. ശ്രീമതി അജിത വിൻസ്റ്റൺ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നും ആയതിനാൽ ടിയാളുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് വിവരം നൽകണമെന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, ടിയാളുടെ വീട്ടിന്റെ പരിസരത്ത് ക്ലീറ്റസ് എന്ന വ്യക്തി കോഴിഫാം നടത്തുന്നത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്നാണ്:

i. മേൽപ്പടി വ്യക്തിക്ക് കോഴി ഫാമിനും, കട്ടിംഗ് ഷോപ്പിനും 2020 കാലയളവിൽ അനുമതി കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പകർപ്പ് നൽകണമെന്നും

ii. ഉണ്ടെങ്കിൽ അയൽവാസികളുടെ കൺസെന്റ് ഇതിന് ആവശ്യമാണോ എന്നും

iii. കോഴിഷെഡ്ഡിൽ നിന്നും അയൽ വാസികളുടെ വീടുകളും കിണറുകളും തമ്മിൽ എത്ര മീറ്റർ ദൂരം വേണമെന്നും

iv. ടി സംരംഭം നടപ്പിലാക്കുന്നതിനു ഏതൊക്കെ ഉദ്യോഗസ്ഥന്മാരുടെ അനുമതി ആവശ്യമാണെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 30.12.2020 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 28.01.2021 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ 25.02.2021 തീയതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം അപ്പീൽ ഹർജിക്കാരി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ രേഖകൾ പ്രകാരമാണ് സമയബന്ധിതമായി മറുപടി നൽകിയിരുന്നതെന്നും 2, 3, 4 എന്നീ ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളത് സംശയ നിവാരണമാണെന്നും ആയത്

വിവരാവകാശ നിയമത്തിലെ 'വിവരം' എന്ന നിർവ്വചനത്തിൽ വരുന്ന വിഷയമല്ലെന്നും ആയതിനാൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതിനാൽ ടി അപ്പീൽ അപേക്ഷയിൽ തുടർനടപടികൾ ആവശ്യമില്ലെന്നു കണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു എന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം ശ്രീമതി അജിത വിൻസ്റ്റൺ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ ഉന്നയിച്ച മുഴുവൻ ചോദ്യങ്ങൾക്കും ഗ്രാമപഞ്ചായത്ത് ആഫീസിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഹർജിക്കാരിക്ക് നൽകിയിട്ടുള്ളതെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് പരിധിയിൽ ശ്രീ. ക്ലീറ്റസ് എന്ന വ്യക്തി പൗൾട്രി ഫാം നടത്തുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിലേക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിന്മേലുള്ള ആക്ഷേപമാണ് അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ളതെന്നും അപേക്ഷയിലെ 2, 3, 4 എന്നീ ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരുന്നത് സംശയനിവാരണമാണെന്നും സംശയനിവാരണം എന്നത് വിവരാവകാശ നിയമത്തിലെ വിവരം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന വിഷയമല്ലെന്നും ടി ചോദ്യങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ മറുപടി നൽകിയതായി നിരീക്ഷിക്കുന്നതിനാൽ ആയതിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരി കമ്മീഷനിൽ ആവശ്യപ്പെട്ടിരിക്കുന്നത് ശ്രീമതി ഷീലാമ്മ ക്ലീറ്റസ് എന്ന വ്യക്തി നടത്തുന്ന കോഴി ഫാം പ്രവർത്തിക്കാൻ അനുവദിക്കരുതെന്നും, രണ്ടാം അപ്പീലിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ചോദ്യത്തിന് വിവരം നൽകണമെന്നുമാണ്. വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിൽ ഉന്നയിച്ച ചോദ്യങ്ങളല്ല രണ്ടാം അപ്പീൽ അപേക്ഷയിൽ ഹർജിക്കാരി ഉന്നയിച്ചിരിക്കുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. കൂടാതെ കോഴിഫാം പ്രവർത്തിപ്പിക്കാൻ അനുവദിക്കരുതെന്ന കാര്യത്തിൽ വിവരാവകാശ നിയമപ്രകാരം നടപടിയെടുക്കുവാൻ കഴിയുന്നതുമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മേലധികാരികൾ മുമ്പാകെ ആക്ഷേപം ഉന്നയിച്ച് ഹർജിക്കാരിക്ക് പരിഹാരം തേടാവുന്നതാണ്. ലഭ്യമായ വിവരങ്ങൾ സമയബന്ധിതമായി ഹർജിക്കാരിക്ക് എതിർകക്ഷികൾ

നൽകിയിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും അപ്പീൽ ഹർജിക്കാരിയുടെ ന്യായമായ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റുമോ എന്ന കാര്യം ഒന്നാം എതിർകക്ഷി പരിശോധിക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മേയ് 6 –ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി